**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 853** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മുതലപ്പൊഴി പ്രദേശത്തെ അപകടങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി രമ്യ ഹരിദാസ് ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

**(എ)** ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ മുതലപ്പൊഴി ഹാർബർ പ്രദേശത്ത് നടന്ന അപകടങ്ങളെ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

**<u>മറുപടി:</u>** മുതലപ്പൊഴി ഹാർബറിൽ നടക്കുന്ന അപകടങ്ങൾ മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിലെ അപാകതകൾ കൊണ്ടാണോ എന്ന് പരിശോധിക്കുന്നതിനും ഹാർബറിന്റെ പ്രവേശന കവാടം അപകടരഹിതം ആക്കുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി 22/08/2022 തീയതിയിലെ സ.ഉ(സാധാ)നം. 660/2022/മതുവ പ്രകാരം പൂനെ ആസ്ഥാനമായുള്ള സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷനെ ചുമതലപ്പെടുത്തിയിരുന്നു. തുടർന്ന് സെൻട്രൽ വാട്ടർ ആൻഡ് പവർ റിസർച്ച് സ്റ്റേഷൻ ഉദ്യോഗസ്ഥർ നേരിട്ട് ഡേറ്റാ കളക്ഷൻ നടത്തി മത്സ്യത്തൊഴിലാളികൾ, ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള പ്രദേശവാസികളുമായി ചർച്ച നടത്തി മത്സ്യത്തൊഴിലാളികൾ നിർദ്ദേശിച്ച ഒരു ലേഔട്ട് ഉൾപ്പെടെ ആറ് ലേഔട്ടുകൾ മാതൃകാപഠനത്തിന് വിധേയമാക്കിയിരുന്നു. വിവിധ ലേഔട്ടുകളിൽ നടത്തിയ മാതൃകാ പഠനം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ നേരിട്ടുള്ള സാന്നിദ്ധ്യത്തിൽ വിശകലനം ചെയ്യുകയും എല്ലാ കാലാവസ്ഥയിലും പ്രവേശനകവാടത്തിൽ അനുവദനീയമായ പരിധിക്കപ്പുറം തിരയിളക്കം ഉണ്ടാക്കാത്ത വിധത്തിലുള്ള രണ്ട് ലേഔട്ടുകൾ തിരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് മാതൃകാപഠനം പൂർത്തിയാക്കി റിപ്പോർട്ട് 2024 ഫെബ്രുവരി മാസം CWPRS ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് സമർപ്പിക്കുകയുണ്ടായി.

**(ബി)** പ്രസ്തുത അപകടങ്ങളെ കുറിച്ച് പഠിക്കുന്നതിനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ ഉന്നതതല സംഘത്തെ നിയമിക്കുമോയെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** മുൻകാലങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വഴി അപകട മരണങ്ങൾ കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഉന്നതതല സംഘത്തെ നിയോഗിക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

**സെക്ഷൻ ഓഫീസർ**